KOCHI BIENNALE FOUNDATION

*പത്രക്കുറിപ്പ്* *30.08.2017*

# സംഗീത സാന്ത്വനവുമായി മനുഷ്യാവകാശ കമ്മീഷൻ ആക്ടിംഗ് ചെയർമാൻ പി മോഹനദാസ്

കൊച്ചി: എറണാകുളം ജനറൽ ആശുപത്രിയിലെ സംഗീത സാന്ത്വന പരിപാടിയായ ആർട്സ് ആൻഡ് മെഡിസിന്റെ 185-ാമത് ലക്കത്തിൽ പാടാനെത്തിയത് മനുഷ്യാവകാശത്തിന്റെ കേരളത്തിലെ മുഖമായ പി മോഹനദാസ്.

രോഗികളുടെ മനുഷ്യാവകാശത്തിൽ മാനസികോല്ലാസത്തിനുള്ള സ്ഥാനം നന്നായി അറിയുന്ന അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന പരിപാടി പങ്കാളികളുടെ താരമൂല്യം കൊണ്ടും പുതുമ കൊണ്ടും ശ്രോതാക്കൾക്ക് നവ്യാനുഭവമായി.

കൊച്ചി ബിനാലെ ഫൗണ്ടേഷൻ, മെഹ്ബൂബ് മെമ്മോറിയൽ ഓർക്കസ്ട്ര, കാസിനോ എയർ കാറ്ററേഴ്സ് ആൻഡ് ഫ്ളൈറ്റ് സർവീസസ് (കാഫ്സ്) എന്നിവ സംയുക്തമായാണ് ആർഡ്സ് ആൻഡ് മെഡിസിൻ പരിപാടി അവതരിപ്പിച്ചു വരുന്നത്.

കേരള ഹൈക്കോടതിയിലെ സംഗീതാസ്വാദകരായ ഒരു കൂട്ടം അഭിഭാഷകരാണ് സംസ്ഥാനാ മനുഷ്യാവകാശ കമ്മീഷൻ ആക്ടിംഗ് ചെയർമാനും മുൻ ജില്ലാ ജഡ്ജിയുമായിരന്ന പി മോഹനദാസിനൊപ്പം ആർട്സ് ആൻഡ് മെഡിസിനിൽ പാടാനെത്തിയത്. കോടതി നടപടികളിൽ മാത്രമല്ല, സംഗീതത്തിലും തങ്ങൾ മികവു പുലർത്തുന്നുവെന്ന് 16 പാട്ടുകളിലൂടെ അവർ തെളിയിച്ചു.

വാകപ്പൂമണമുള്ള.. എന്നു തുടങ്ങുന്ന ഗാനത്തോടെ മോഹനദാസാണ് പരിപാടി തുടങ്ങിയത്. അദ്ദേഹത്തെ കൂടാതെ അഭിഭാഷകരായ രാജശ്രീ, സബിത, ഗോകുൽദാസ്, വിപിൻദാസ്, റിജ സുമൻ, മാലിനി കെ മേനോൻ, സനൽ കുഞ്ഞച്ചൻ എന്നിവരും, ആർ ശിവാനി, സുമേഷ് അയിരൂർ, മാക്സി ചാർളി എന്നീ ഗായകരുമാണ് പരിപാടിയിൽ പങ്കെടുത്തത്.

മാലിനി കെ മേനോനോടൊപ്പം ചന്ദ്രികയിലലിയുന്നു ചന്ദ്രകാന്തം.. എന്ന ഹിറ്റ് ഗാനവും മോഹനദാസ് പാടി. മേയർ സൗമിനി ജെയിൻ, ഹൈബി ഈഡൻ എം എൽ എ, ഗാന രചയിതാവ് ആർ കെ ദാമോദരൻ  എന്നിവരും പരിപാടിയിൽ പങ്കെടുക്കാനെത്തിയിരുന്നു.

പലതവണ ആർട്സ് ആൻഡ് മെഡിസിനിൽ പങ്കെടുത്തിട്ടുണ്ടെങ്കിലും കാണികളിൽ സംഗീതത്തോടുള്ള ആവേശം കുറയുന്നില്ലെന്നത് ശ്രദ്ധേയമാണെന്ന് മേയർ അഭിപ്രായപ്പെട്ടു. സംഗീത സാന്ത്വനത്തിന്റെ ഈ പരിപാടി ഇത്രയും കാലമായി തുടർന്നു കൊണ്ടു പോകുന്നതിൽ സംഘാടകർ കാണിക്കുന്ന താത്പര്യത്തെ ഹൈബി ഈഡൻ എംഎൽഎ ശ്ലാഘിച്ചു.

*1/1903, Kunnumpuram, Fort Kochi, Kerala -682 001, India. Tel: +91 484 2215287, +91 484 2215297(Fax) Email: info@kochimuzirisbiennale.org*
*kochimuzirisbiennale.org*